**പതിമൂന്നാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1263

12.07.2011-ൽ
മറുപടിയ്ക്കുണ്ടായിരുന്നത്.

## മണിചെയിൻ തട്ടിപ്പിലുൾപ്പെട്ട പോലീസുകാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.വി.ശശി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.കെ.രാജു. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) മണി ചെയിൻ തട്ടിപ്പുകളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം തലത്തിലുള്ള പോലീസുകാർ എത്ര വീതമു ണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) മണിചെയിൻ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളിൽ കെ.എ.പി -I ലെ എ.പി.എസ്.ഐ. കെ.ടി.ഗോപിനാഥൻ നായർ, നെടുമ്പാശ്ശേരി CIAL എമിഗ്രേഷൻ വിഭാഗത്തിലെ WCPO ഷാലി ബാബു എന്നിവർ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്. കോഴിക്കോട് റൂറൽ ജില്ലയിലെ പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം നം.199/11 u/s 420, 34 IPC and Sec. 3, 4, 5 of Price Chits and |

Money Circulation Scheme Banning Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ തലശ്ശേരി പോലീസ് സ്റ്റേഷനിലെ സി.പി.ഒ. പ്രവീൺകുമാർ എന്നയാളുടെ പങ്കിനെപ്പറ്റി അന്വേഷണം നടത്തി വരുന്നുണ്ട്.

(സി) തട്ടിപ്പുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

(സി) ഇത്തരം തട്ടിപ്പ് കേസുകളിൽ പോലീസ് ഉദ്യോഗസ്ഥരും സേനാംഗങ്ങളും ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഇത് നിയന്ത്രിക്കുന്നതിനായി സംസ്ഥാന പോലീസിലെ എല്ലാ സേനാംഗങ്ങളും, ഉദ്യോഗസ്ഥരും അവരവരുടെ വരുമാനത്തെ സംബന്ധിച്ചുള്ള കണക്കുകൾ സംസ്ഥാന പോലീസ് മേധാവിയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം തട്ടിപ്പുകളിൽ നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള പോലീസ് സേനാംഗങ്ങൾക്കും, ഉദ്യോഗസ്ഥർക്കുമെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(signature)

സെക്ഷൻ ഓഫീസർ.